ഒരു മരത്തിന്റെ ആത്മാവ്
അച്ചടിമലയാളം നാട് കടത്തിയ കവിതകൾ
www.vishakam.blogspot.com

| കുഴൂർ വിൽസൺ

## അവൾ വെജിറ്റേറിയനും ഭക്തയുമായത്

**വെജിറ്റേറിയൻ**

കാക്കയ്ക്കും പൂച്ചയ്ക്കും
ചെതമ്പലുകളും ചെകിളയും
തല കൊച്ചുമോൾക്ക്
വാൽ മിടുക്കനായ മോന്
നടുക്കഷ്ണങ്ങൾ
അച്ഛനും കൂട്ടുകാരനും
വീതം വെച്ച് കഴിഞ്ഞപ്പോൾ
അവൾ വെജിറ്റേറിയനായി.

**ഭക്ത**

നീ കഴിക്കാത്തതെന്തേ
എന്ന ചോദ്യത്തിന്
നൊയമ്പെടുത്തു
അമ്മക്കിത് വേണോയെന്ന
നിഷ്കളങ്കതക്ക് മുന്നിൽ
ഉപവാസം
പലനേരവും ഒരുനേരം നോറ്റ്
അങ്ങനെ
അറിയപ്പെടുന്ന ഭക്തയുമായി




കടൽസന്ധ്യ
www.kadalsandhya.blogspot.com

| കലാധരൻ ടി.പി

## ഉച്ചയൂണ്

ഉച്ചയൂണ്
കേവലം തൂശനിലയിൽ
വിളമ്പിയ പകലല്ല.
തൊട്ടുകൂട്ടാൻ വെച്ച
പുളിക്കുന്ന ചിരിയല്ല.
പൊടിച്ചു ചേർക്കാവുന്ന
കാച്ചിയ ഫോൺകാളല്ല.
മറക്കാതിരിക്കാൻ
ഉപ്പിലിട്ട ദിനക്കുറിയല്ല.
തൊണ്ടയിൽ വാക്കു കുരുങ്ങുമ്പോൾ
നനച്ചു നനച്ചുപോകും
ശരീര ദാഹമല്ല.
കടലിൽനിന്നും
കരളു കീറി വറുത്തെടുത്ത
പ്രണയത്തിന്റെ മുള്ള്
ഇപ്പോഴും പിടക്കുന്നല്ലോ.
കറിവേപ്പിലക്ക് പറയാനാകും
തിളച്ചു പൊള്ളിയ
ആത്മാവിന്റെ നീരിറക്കം.
പൗർണമിക്കാറ്റ്
ഗന്ധർവ ഗീതം കൊണ്ട് അനുഗ്രഹിച്ച
പൊൻവയൽ കൊടുത്തയച്ച
ഒരു ഉരുള.
പച്ചയിലയുടെ ഞരമ്പുകളിൽ
ചേർത്തുവെക്കുമ്പോൾ
ഉദിക്കുന്ന ഉച്ചവെളിച്ചമാണ് ഊണ്.
അത് അമാവാസിയിൽ
കൈകൊട്ടിവിളിക്കില്ല.

